# വിശ്രമം

## പുറപ്പാടു 23:12

"ആറുദിവസം വേലചെയ്ക; ഏഴാം ദിവസം നിന്റെ കാളയും കഴുതയും വിശ്രമിപ്പാനും നിന്റെ ദാസിയുടെ പുത്രനും പരദേശിയും ആശ്വസിപ്പാനും വേണ്ടി നീ സ്വസ്ഥമായിരിക്കേണം."

നിത്യം പല വിധ തിരക്കുകളുമായി മുന്നോട്ടോടുന്ന ഏവർക്കും അവരുടെ ജീവിതത്തിൽ വളരെയേറെ ചിന്തിക്കേണ്ടുന്ന ഒരു വചനഭാഗമാണിത്. പഴയ നിയമ ന്യായപ്രമാണ കാലത്തെ ഇസ്രായേൽ ജനതയ്ക്ക് ദൈവം കൊടുത്തിരുന്ന ഒരു നിയമമാണിത്. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ഈ ഭൂവിലേക്കുള്ള അവതരണവും, ക്രൂശുമരണവും നമ്മുടെ സകല പാപങ്ങൾക്കും ഒരു പരിഹാരമാകുകയും അവൻ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നതിനാൽ നാം ആ പഴയ ന്യായപ്രമാണ വ്യവസ്ഥിതിയിൽ നിന്നും മാറ്റപ്പെടുകയും ചെയ്തു. അങ്ങനെയാണെങ്കിൽ തന്നെയും ദൈവീക സ്വഭാവം വെളിപ്പെട്ടു വരുന്ന ഏതൊരു നിയമവും അനുസരിക്കുവാൻ നാം ബാധ്യസ്തരാണ്, കാരണം, അതു ആ കാര്യത്തിന്മേൽ ദൈവത്തിന്റെ വിവിധങ്ങളായ ചിന്താഗതികളെയും അവന്റെതന്നെ സ്വഭാവ വിശേഷത്തെയും വെളിപ്പെടുത്തിത്തരുന്നു.

നാം ഉൽപത്തി പുസ്തകം നോക്കുകയാണെങ്കിൽ അവിടെ 2:3-ൽ ഈ പ്രപഞ്ചത്തെയും, ഭൂമിയെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചതിനു ശേഷം 7-ാ൦ ദിവസം ദൈവം തന്നെ വിശ്രമിച്ചതായി അവിടെ കാണുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ലോകത്തിൽ അവതരിച്ച് അവന്റെ പരസ്യശുശ്രൂഷാ കാലത്ത് ഒരു സന്ദർഭത്തിൽ അവനും വിശ്രമിക്കുന്നതായി കാണാം (മർക്കോസ് 4:38). അങ്ങനെയെങ്കിൽ നാം നമ്മുടെ ജീവിതം അവ്വണ്ണം ക്രമീകരിച്ച് ജീവിക്കണം. ദൈവത്തിന്റെ മക്കളായ നാം ദൈവീക പദ്ധതിയനുസരിച്ച് ജീവിക്കുമ്പോൾ നമ്മുടെ ജീവിതങ്ങളിൽ വേണ്ടുന്നിടത്ത് ചില വിശ്രമങ്ങൾ നൽകി തന്നെ വേണം ജീവിക്കാൻ. ദൈവം നമ്മുടെ ജീവിതത്തിൽ ഉദ്ദേശിച്ചിരിക്കുന്ന വിശ്രമങ്ങളെ നാം കണ്ടില്ലെന്നു നടിക്കുകയോ അതിനെ തള്ളിക്കളയുകയോ ചെയ്യുമ്പോൾ അത് നമ്മുടെ ജീവിതത്തിന്റെ തന്നെ ഗതിയെ മാറ്റിമറിക്കുന്നു.

ലോകപ്രകാരം നോക്കിയാൽ തന്നെ കാണാം നാം ഇന്നു നമ്മുടെ പ്രവൃത്തി മേഖലയിലും മറ്റും മുന്നേറാൻ നിരന്തരം ഓടിക്കൊണ്ടിരിക്കുമ്പോൾ, നമ്മെ വൈദ്യശാസ്ത്രം ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്, നിന്റെ ജീവിതത്തിൽ, നിന്റെ ശരീരത്തിന്നു വേണ്ടുന്ന

വിശ്രമവും പരിരക്ഷയും ഒന്നും കിട്ടുന്നില്ല എന്നുണ്ടെങ്കിൽ അതു നിന്നെ തളർത്താൻ ഇടവരും. എന്നു പറഞ്ഞതുപോലെ തന്നെയാണ് നമ്മുടെ ആത്മീയ ജീവിതവും. നമ്മുടെ ചിന്താമണ്ഡലങ്ങളും ബുദ്ധിയും ഒക്കെ പ്രവർത്തിച്ച് നിരന്തരം ദൈവീക ചിന്തകളാൽ നിറയണമെങ്കിൽ നമ്മുടെ ജീവിതത്തിൽ ചില വിശ്രമങ്ങൾ ആവശ്യമുണ്ട്.

1 കൊരിന്ത്യർ 6:19 ൽ പറയുന്നുണ്ട്, ദൈവത്തിന്റെ മക്കളായ നാം അവന്റെ മന്ദിരങ്ങളാകുന്നു എന്ന്. അങ്ങനെയെങ്കിൽ ആ മന്ദിരം ദൈവത്തിന്നു വാസ യോഗ്യമാക്കുക എന്നുള്ളത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. എത്രത്തോളം നാം നമ്മുടെ ശരീരത്തെ അവന്നു വേണ്ടി ഒരുക്കി നിർത്തുന്നുവോ അത്രത്തോളം ദൈവീക പദ്ധതികൾക്കനുസൃതമായി നമുക്ക് ദൈവത്തെ സേവിക്കാൻ പറ്റും. ഇന്നു വിശ്വാസി സമൂഹത്തെ ആകെ സാത്താൻ തെറ്റിച്ചുകൊണ്ടിരിക്കുന്ന ഒരു ഘടകമാണ് അവരെ എങ്ങനെയെങ്കിലും തിരക്കുള്ളവരാക്കി മാറ്റുകയെന്നുള്ളത്. അതു വഴി ദൈവീക കാര്യങ്ങളിൽ വ്യാപ്തരാകുന്നതിന്നു അവർക്ക് സമയം ലഭിക്കാതെ വരുകയോ അല്ലെങ്കിൽ അതിന്നു സമയം കണ്ടെത്തി വരുമ്പോഴേക്ക് അവർ തളർച്ചയുടെ മദ്ധ്യത്തിലോ ആയിരിക്കും. ആയതിനാൽ നാം ഒരിക്കലും നമ്മെ വളരെ തിരക്കുള്ളവരായി കാണാൻ പാടില്ല. ദൈവം ആഗ്രഹിക്കുന്ന സമയത്ത് അവന്നു വേണ്ടി നിൽപ്പാൻ അവൻ വിളിക്കുമ്പോൾ അവന്നു വേണ്ടി പോവാൻ നാം എന്നും തയ്യാറായിരിക്കണം. അതിന്നു നമുക്ക് ശരിയായ വിശ്രമം കൂടിയേ തീരൂ. അത് ദൈവം നമുക്ക് അനുവദിച്ചു തന്നിരിക്കുന്നതാണ്. അതിനെ നാം കണ്ടില്ലെന്നു നടിക്കുകയോ അതു മാറ്റിവെച്ച് നാം മറ്റു കാര്യങ്ങളിൽ മുഴുകുകയോ ചെയ്യാതെ അതിനെ അതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ ഉൾക്കൊണ്ട് ആ ദൈവ കൽപനയെ അനുസരിക്കാനായി തയ്യാറാവാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

റോമർ 15:1

"എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കുകയും വേണം."

ബ്രദർ ബിനു ബേബി ആലപ്പുഴ 025